DESPATCHED
On. 8/2/22

31/1/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


ഹർജി നമ്പർ **AP.No.972(5)/18/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 3847/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി : 30.12.2021**

| | |
|---|---|
| **Shri. Cherayi Ramadas,<br>Plot No. 2-A,<br>Balaji Nagar,<br>Puliyambedu,<br>Thiruverkadu P.O,<br>Chennai. Thamil Nadu – 600 077** | **Appellant** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കളക്ടറേറ്റ്,<br>തിരുവനന്തപുരം.<br><br>അപ്പീൽഅധികാരി,<br>കളക്ടറേറ്റ്,<br>തിരുവനന്തപുരം.** | **എതിർകക്ഷികൾ** |

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 23.11.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | -- |
| ഒന്നാംഅപ്പീൽ | 20.02.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാംഅപ്പീൽ | 10.04.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 01.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

   1. വർത്തമാന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവുമായി ബന്ധപ്പെട്ട് എ.ഡി.എം നിർവ്വഹിക്കേണ്ട അടിസ്ഥാന ചുമതലകൾ എന്തൊക്കെയാണ് അതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ്

2. (a). RNI (Registration of Newspapers of India)യുടെ ജില്ലാതല പ്രതിനിധി യാണ് എ.ഡി.എം എങ്കിൽ ടി ജില്ലയിൽ ഏതൊക്കെ പത്ര പ്രസിദ്ധീകരണങ്ങ ളാണ് ടിയാന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്നത്, ബന്ധപ്പെട്ട ലിസ്റ്റ്

(b). ആ പത്രങ്ങൾ ഏതൊക്കെ ചുമതലകളാണ് എ.ഡി.എം ഓഫീസുകളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടത്.

(c). ആ പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന ലക്കങ്ങളുടെ എത്ര കോപ്പി വീതമാണ് പതിവായി നിർബന്ധമായി എ.ഡി.എം ന് എത്തിച്ചു തരേണ്ടത്

(d). ടി കോപ്പികൾ സ്വീകരിക്കുന്നതിന്റെ രജിസ്റ്റർ എ.ഡി.എം സൂക്ഷിക്കു ന്നുണ്ടോ

(e). ടി ലക്കങ്ങൾ മുറതെറ്റാതെ കിട്ടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുവാൻ എ. ഡി.എം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുളളത്.

(f). ടി ലക്കങ്ങൾ മുറതെറ്റിയെന്ന് തിരിച്ചറിഞ്ഞാൽ എന്ത് നടപടിയാണ് എ. ഡി.എം. സ്വീകരിക്കുന്നത്.

(g). പത്ര ഓഫീസുകളിൽ നിന്നും വരുന്ന പ്രസ്തുത കോപ്പികളുടെ ഉളളടക്കം പരിശോധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ആ പരിശോധനയ്ക്ക് എന്ത് മാനദണ്ഡ മാണ് ആധാരമാക്കുന്നത്? പ്രസ്തുത മാനദണ്ഡം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ്

(h). പ്രസ്തുത പരിശോധനയിൽ, നിയമവിരുദ്ധമോ സാമൂഹിക വിരുദ്ധമോ ആയ കാര്യങ്ങൾ അച്ചടിച്ചതായി കണ്ടെത്തിയാൽ എന്തു നടപടിയാണ് ടി പത്രങ്ങൾക്കെതിരെ എ.ഡി.എം സ്വീകരിക്കുന്നത്? (അപേക്ഷ തീയതിയ്ക്ക് മുമ്പുളള) രണ്ട് വർഷത്തിനിടയിൽ അത്തരത്തിൽ സ്വീകരിച്ച നടപടികളെ കുറിച്ച് എ.ഡി.എം സൂക്ഷിക്കുന്ന തായ്‌വഴി രേഖയുടെ പകർപ്പ് എന്നിവയാണ്.

II. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് വിവരം ലഭ്യമായില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

III. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം ഹാജരായ എസ്.പി.ഐ.ഒ കമ്മീഷന് മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. അപ്പീൽഹർജിക്കാരൻ പങ്കെടു ക്കുകയുണ്ടായില്ല. അപ്പീൽഹർജിക്കാരൻ 23.11.2017 തീയതി സമർപ്പിച്ച വിവരാവ കാശ അപേക്ഷയ്ക്ക് 20.12.2017 തീയതി മറുപടി നൽകിയിട്ടുളളതായും 20.02.2018 തീയതി സമർപ്പിച്ച ഒന്നാം അപ്പീലിന് 09.03.2018 ൽ മറുപടി നൽകിയതായും ഡെസ്പാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു എന്നും എന്നാൽ വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ കാണാനില്ല എന്നു മാണ് ഒന്നാം എതിർകക്ഷി അറിയിച്ചത്.

IV. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിക്കുമ്പോൾ, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ള തായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഹിയറിംഗിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ 04.08.2021 തീയതി അയച്ച നോട്ടീസും കമ്മീഷനിൽ തിരികെ വരിക യാണുണ്ടായത്. അതുപോലെ അഡ്രസ്സിൽ വന്ന മാറ്റംകൊണ്ടാകാം അപ്പീൽഹർജി ക്കാരനും മറുപടികൾ ലഭിക്കാതിരുന്നത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ ഹർജിക്കാരന് വിവരം ലഭ്യമായിട്ടില്ല എന്നാണ് കമ്മീഷൻ മുമ്പാകെ നൽകിയ രണ്ടാം അപ്പീലിൽ അറിയിക്കുന്നത്. മേൽ സാഹചര്യത്തിൽ ഒരിക്കൽ കൂടി മറു പടി അയച്ചു നൽകുവാൻ ഒന്നാം എതിർകക്ഷിയ്ക്ക് ബാദ്ധ്യതയുണ്ട്. ഇവിടെ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ കാണാനില്ല എന്നാണ് എതിർകക്ഷി അറിയി ച്ചിട്ടുള്ളത്. പ്രസ്തുത മൊഴി ന്യായീകരിക്കത്തക്കതല്ല എങ്കിലും മറ്റ് വസ്തുതകൾ കമ്മീഷൻ അംഗീകരിക്കുന്നു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ആകയാൽ ഉത്തരവ് കൈപ്പറ്റി 15 ദിവ സത്തിനുള്ളിൽ വ്യക്തവും കൃത്യവുമായ വിവരം സൗജന്യമായി ടിയാന് അയച്ചു നൽകുവാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2021 നവംബർ മാസം 30 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM

RIGHT TO INFORMAT